# പതിനാലാം കേരള നിയമസഭ

## ഒമ്പതാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ: 1171 — 30.01.2018 ൽ മറുപടിക്ക്

### പൊതുമരാമത്ത് പ്രവൃത്തികളിൽ സോഷ്യൽ ഓഡിറ്റിംഗ്

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. ബി.ഡി. ദേവസ്സി<br>,, എം. നൗഷാദ്<br>,, കെ.വി. വിജയദാസ്<br>,, സി.കെ. ശശീന്ദ്രൻ | ശ്രീ. ജി.സുധാകരൻ<br>(ബഹു. പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പ് മന്ത്രി) |
| (എ) പൊതുമരാമത്ത് പ്രവൃത്തികളിൽ ഗുണമേന്മയും സുതാര്യതയും ഉറപ്പുവരുത്തുന്നതിനും അഴിമതി തടയുന്നതിനുമായി സോഷ്യൽ ഓഡിറ്റിംഗ് നടപ്പിലാക്കിയിട്ടുണ്ടോ;<br><br>(ബി) ഇതിനായി ജില്ലാതല സമിതികൾ രൂപീകരിച്ചിട്ടുണ്ടോ; വിശദാംശം നൽകുമോ; | (എ) & (ബി) പൊതുമരാമത്ത് പ്രവൃത്തികളിൽ ഗുണമേന്മയും സുതാര്യതയും ഉറപ്പുവരുത്തുന്നതിനും അഴിമതി തടയുന്നതിനുമായി സർക്കാർ ഉത്തരവ് G.O.(MS)No. 1/2018/PWD dated 05/01/2018 പ്രകാരം സോഷ്യൽ ഓഡിറ്റിംഗ് നടപ്പിലാക്കുന്നതിന് ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. ഇതിന്റെ അടിസ്ഥാനത്തിൽ പൊതുമരാമത്ത് പ്രവൃത്തികളിൽ സോഷ്യൽ ഓഡിറ്റിംഗ് നടപ്പിലാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ടി ഉത്തരവ് പ്രകാരം ജില്ലാതലത്തിൽ സോഷ്യൽ ഓഡിറ്റ് സമിതികൾ രൂപീകരിച്ചും സോഷ്യൽ ഓഡിറ്റ് സമിതികളുടെ കടമകളും, ചുമതലകളും സ്പഷ്ടീകരിച്ചും ഉത്തരവായിട്ടുണ്ട്. |
| (സി) റോഡുകൾ, പാലങ്ങൾ തുടങ്ങിയവയുടെ നിർമ്മാണം സംബന്ധിച്ച് പൊതുജനങ്ങൾക്ക് പരാതി സമർപ്പിക്കുവാൻ എന്തെല്ലാം സംവിധാനങ്ങളാണ് ഇതിൽ ഉൾപ്പെടുത്തിയിട്ടുള്ളത്; | (സി) ടി ഉത്തരവിൽ പൊതുമരാമത്ത് വകുപ്പിന്റെ പരിധിയിലുള്ള ദേശീയപാത / റോഡുകളും പാലങ്ങളും / കെട്ടിടവിഭാഗങ്ങൾ, വകുപ്പിന് കീഴിലുള്ള മറ്റ് സ്ഥാപനങ്ങൾ, കമ്പനികൾ എന്നിവ വഴി നടത്തുന്ന പ്രവൃത്തികൾ സംബന്ധിച്ചുള്ള പരാതികൾ പ്രസ്തുത പ്രവൃത്തികൾ നടക്കുന്ന ജില്ലയിലെ സ്ഥിര താമസക്കാരായ ഏതൊരാൾക്കും ജില്ലാസമിതി മുമ്പാകെ നൽകാവുന്നതാണെന്നും പ്രവൃത്തി |

നടത്തി വരുന്ന സമയത്തോ പ്രവൃത്തി പൂർത്തിയായി മൂന്നു മാസത്തിനകമോ പരാതി സമർപ്പിക്കേണ്ടതാണെന്നും നിഷ്കർഷിച്ചിട്ടുണ്ട്.

| | | |
|---|---|---|
| (ഡി) | പൊതുജനങ്ങൾ നൽകുന്ന പരാതികളിൽ കഴമ്പുണ്ടെങ്കിൽ കരാറുകാർക്കെതിരെ കർശന നടപടികൾ സ്വീകരിക്കുന്നതിന് എന്തെല്ലാം വ്യവസ്ഥകളാണ് ഉൾപ്പെടുത്തിയിട്ടുള്ളതെന്ന് വ്യക്തമാക്കാമോ? | (ഡി) പൊതുജനങ്ങൾ നൽകുന്ന പരാതികളിന്മേലുള്ള പരിശോധനാ റിപ്പോർട്ടുകൾ സോഷ്യൽ ഓഡിറ്റ് സമിതി യോഗം വിശദമായി ചർച്ച ചെയ്ത് അപാകതകൾ ഉണ്ടെങ്കിൽ അവ പരിഹരിക്കേണ്ട നടപടികൾ ശുപാർശ ചെയ്ത് സർക്കാരിന് സമർപ്പിക്കേണ്ടതാണെന്നും, പ്രവർത്തിയിൽ വന്നിട്ടുള്ള അപാകതകൾ സംബന്ധിച്ച് പൊതുമരാമത്ത് ഉന്നത ഉദ്യോഗസ്ഥർ പരിശോധന നടത്തണമെന്നോ / പൊതുമരാമത്ത് വിജിലൻസ് അന്വേഷിക്കണമെന്നോ / സി.റ്റി.ഇ. അന്വേഷിക്കണമെന്നോ / ധനകാര്യ അന്വേഷണ വിഭാഗം അന്വേഷിക്കണമെന്നോ / പോലീസ് വിജിലൻസ് അന്വേഷിക്കണമെന്നോ ജില്ലാ സോഷ്യൽ ഓഡിറ്റ് സമിതികൾക്ക് ശുപാർശ ചെയ്യാവുന്നതാണെന്നും മേൽ ഉത്തരവ് പ്രകാരം വ്യവസ്ഥപ്പെടുത്തിയിട്ടുണ്ട്. സർക്കാർ ഉത്തരവ് അനുബന്ധമായി ചേർത്തിരിക്കുന്നു. |

സെക്ഷൻ ഓഫീസർ

കേരളം സർക്കാർ

സംഗ്രഹം

സംസ്ഥാനത്തെ പൊതുമരാമത്ത് പണികളുടെ ഗുണനിലവാരം വിലയിരുത്തുന്നതിനുള്ള സോഷ്യൽ ഓഡിറ്റ് - ജില്ലാതലത്തിൽ സോഷ്യൽ ഓഡിറ്റ് സമിതികൾ രൂപീകരിച്ചും സോഷ്യൽ ഓഡിറ്റ് സമിതികളുടെ കടമകളും ചുമതലകളും സ്പഷ്ടീകരിച്ചും ഉത്തരവാകുന്നു.

പൊതുമരാമത്ത്(എച്ച്) വകുപ്പ്

**G.O.(Ms)No. 1/2018/PWD** തിരുവനന്തപുരം, തീയതി ,05/01/2018

പരാമർശം 1 ബഹു. ഗവർണറുടെ 2016-17-ലെ നയപ്രഖ്യാപന പ്രസംഗം

2 പൊതുമരാമത്ത് വകുപ്പ് (നിരത്തുകളും പാലങ്ങളും വിഭാഗം) ചീഫ് എഞ്ചിനീയറുടെ 22/12/2017-ലെ 11795/GL/SA/2017 നമ്പർ കത്ത്

ഉത്തരവ്

സംസ്ഥാനത്ത് പൊതുമരാമത്ത് പ്രവൃത്തികൾ സുതാര്യമാക്കുന്നതിന്റെയും പ്രവൃത്തികളുടെ ഗുണമേന്മ വർദ്ധിപ്പിക്കുന്നതിന്റെയും ക്രമക്കേടുകൾ ഇല്ലാതാക്കുന്നതിൻറേയും പ്രവൃത്തികൾ സമയബന്ധിതമായി പൂർത്തിയാക്കുന്നതിന്റെയും ഭാഗമായി അവയ്ക്ക് സാമൂഹ്യ ഓഡിറ്റ് സംവിധാനം ഏർപ്പെടുത്തുമെന്ന് സർക്കാരിന്റെ 2016-17 -ലെ നയപ്രഖ്യാപനത്തിൽ പറഞ്ഞിരുന്നു. പ്രസ്തുത ലക്ഷ്യം കൈവരിക്കുന്നതിനായി പൊതുമരാമത്ത് ജില്ലാ സോഷ്യൽ ഓഡിറ്റ് സമിതികൾ താഴെപട്ടികയിൽ പരാമർശിച്ചിട്ടുള്ള വ്യക്തികളെ ഉൾപ്പെടുത്തിക്കൊണ്ടും ജില്ലാ സോഷ്യൽ ഓഡിറ്റ് സമിതികളുടെ കടമകളും ചുമതലകളും സ്പഷ്ടീകരിച്ചും ഉത്തരവാകുന്നു.

പൊതുമരാമത്ത് ജില്ലാ സാമൂഹ്യ ഓഡിറ്റ് സമിതികൾ

തിരുവനന്തപുരം:

ശ്രീ. വി.കെ.മധു, ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് (ചെയർമാൻ)
അഡ്വ. രാഖി രവികുമാർ, ഡെപ്യൂട്ടി മേയർ, തിരുവനന്തപുരം (മെമ്പർ)
അഡ്വ. എ. ഷൈലജാ ബീഗം, ജില്ലാ പഞ്ചായത്ത് വൈസ് പ്രസിഡന്റ് (മെമ്പർ)
അഡ്വ. എസ്.കെ.പ്രീജ, ജില്ലാ പഞ്ചായത്ത് PWD സ്റ്റാന്റിംഗ് കമ്മിറ്റി ചെയർമാൻ (കൺവീനർ)
ശ്രീ. എം. പ്രദീപ്, മുനിസിപ്പൽ ചെയർമാൻ, ആറ്റിങ്ങൽ (മെമ്പർ)
ശ്രീമതി. വി.കെ.സുലോചന, റിട്ട. ചീഫ് എഞ്ചിനീയർ (മെമ്പർ)
ശ്രീ. സണ്ണി എബ്രഹാം, റിട്ട. സൂപ്രണ്ടിംഗ് എഞ്ചിനീയർ (മെമ്പർ)

കൊല്ലം:

ശ്രീമതി. കെ.ജഗദമ്മ ടീച്ചർ, ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് (ചെയർമാൻ)
ശ്രീമതി. വിജയ ഫ്രാൻസിസ്, ഡെപ്യൂട്ടി മേയർ, കൊല്ലം (മെമ്പർ)
ശ്രീ. എം. ശിവശങ്കരപ്പിള്ള, ജില്ലാ പഞ്ചായത്ത് വൈസ് പ്രസിഡന്റ് (മെമ്പർ)
ശ്രീ. വി.ജയപ്രകാശ്, ജില്ലാ പഞ്ചായത്ത് PWD സ്റ്റാന്റിംഗ് കമ്മിറ്റി ചെയർമാൻ (കൺവീനർ)
ശ്രീമതി. ഗീത സുകുമാരൻ, മുനിസിപ്പൽ ചെയർമാൻ, കൊട്ടാരക്കര (മെമ്പർ)
ശ്രീ. പി. വിജയമോഹൻ, റിട്ട. സൂപ്രണ്ടിംഗ് എഞ്ചിനീയർ (മെമ്പർ)
ശ്രീമതി. എ. സഫിയ ബീവി, റിട്ട. സൂപ്രണ്ടിംഗ് എഞ്ചിനീയർ (മെമ്പർ)

ആലപ്പുഴ:

ശ്രീ. ജി.വേണുഗോപാൽ, ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് (ചെയർമാൻ)
ശ്രീമതി. ദലീമ ജോജോ, ജില്ലാ പഞ്ചായത്ത് വൈസ് പ്രസിഡന്റ് (മെമ്പർ)
ശ്രീമതി. കെ.സുമ, ജില്ലാ പഞ്ചായത്ത് PWD സ്റ്റാന്റിംഗ് കമ്മിറ്റി ചെയർമാൻ (മെമ്പർ)
ശ്രീ. എൻ. ശിവദാസൻ, മുനിസിപ്പൽ ചെയർമാൻ, കായംകുളം (കൺവീനർ)
ശ്രീ. മോഹനൻ, റിട്ട. സൂപ്രണ്ടിംഗ് എഞ്ചിനീയർ (മെമ്പർ)
ശ്രീ. പ്രേംജിത്, റിട്ട. അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ (മെമ്പർ)

പത്തനംതിട്ട:

ശ്രീമതി. അന്നപൂർണ്ണാദേവി, ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് (ചെയർമാൻ)
ശ്രീ.ജോർജ്ജ് മാമ്മൻ കൊണ്ടൂർ, ജില്ലാ പഞ്ചായത്ത് വൈസ് പ്രസിഡന്റ് (മെമ്പർ)
അഡ്വ. റജി തോമസ്, PWD സ്റ്റാന്റിംഗ് കമ്മിറ്റി ചെയർമാൻ (കൺവീനർ)
ശ്രീമതി. ഷൈനി ജോസ്, മുനിസിപ്പൽ ചെയർമാൻ, അടൂർ (മെമ്പർ)

ശ്രീ. ഫിലിപ്പ്, റിട്ട. സൂപ്രണ്ടിംഗ് എഞ്ചിനീയർ (മെമ്പർ)

**കോട്ടയം:**

ശ്രീ. സക്കറിയാസ് കതിരവേലി, ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് (ചെയർമാൻ)

ശ്രീമതി. മേരി സെബാസ്റ്റ്യൻ, ജില്ലാ പഞ്ചായത്ത് വൈസ് പ്രസിഡന്റ് (മെമ്പർ)

ശ്രീമതി. ശശികല നായർ, ജില്ലാ പഞ്ചായത്ത് PWD സ്റ്റാന്റിംഗ് കമ്മിറ്റി ചെയർമാൻ (മെമ്പർ)

ശ്രീ. അനിൽ ബിശ്വാസ്, മുനിസിപ്പൽ ചെയർമാൻ, വൈക്കം (കൺവീനർ)

ശ്രീമതി. എം.പി. രമ, റിട്ട. എക്സിക്യൂട്ടീവ് എഞ്ചിനീയർ (മെമ്പർ)

**ഇടുക്കി:**

ശ്രീമതി.കൊച്ചുത്രേസ്യ പൗലോസ്, ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് (ചെയർമാൻ)

ശ്രീ. മാത്യു ജോൺ, ജില്ലാ പഞ്ചായത്ത് വൈസ് പ്രസിഡന്റ് (മെമ്പർ)

അഡ്വ. സിറിയക് തോമസ്, ജില്ലാ പഞ്ചായത്ത് PWD സ്റ്റാന്റിംഗ് കമ്മിറ്റി ചെയർമാൻ (കൺവീനർ)

ശ്രീമതി. സഫിയ ജബ്ബാർ, മുനിസിപ്പൽ ചെയർമാൻ, തൊടുപുഴ (മെമ്പർ)

ശ്രീ.ടി.ആർ.രാഘവൻ, റിട്ട. എക്സിക്യൂട്ടീവ് എഞ്ചിനീയർ (മെമ്പർ)

**എറണാകുളം:**

ശ്രീമതി. ആശാ സനിൽ, ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് (ചെയർമാൻ)

ശ്രീ. ടി.ജെ.വിനോദ്, ഡെപ്യൂട്ടി മേയർ, എറണാകുളം (മെമ്പർ)

അഡ്വ. അബ്ദുൽ മുത്തലിബ്, ജില്ലാ പഞ്ചായത്ത് വൈസ് പ്രസിഡന്റ് (മെമ്പർ)

ശ്രീ. അയ്യപ്പൻകുട്ടി, ജില്ലാ പഞ്ചായത്ത് PWD സ്റ്റാന്റിംഗ് കമ്മിറ്റി ചെയർമാൻ (മെമ്പർ)

ശ്രീമതി.ചന്ദ്രികാദേവി, മുനിസിപ്പൽ ചെയർമാൻ, തൃപ്പൂണിത്തുറ (കൺവീനർ)

ശ്രീ. വി.എം.സുനിൽ, റിട്ട. സൂപ്രണ്ടിംഗ് എഞ്ചിനീയർ (മെമ്പർ)

ശ്രീ. ജേക്കബ് ജോൺ, റിട്ട. എക്സിക്യൂട്ടീവ് എഞ്ചിനീയർ (മെമ്പർ)

**തൃശ്ശൂർ:**

ശ്രീമതി. ഷീല വിജയകുമാർ, ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് (ചെയർമാൻ)

ശ്രീ. വർഗ്ഗീസ് കണ്ടംകുളത്തി, ഡെപ്യൂട്ടി മേയർ, തൃശ്ശൂർ (മെമ്പർ)

ശ്രീ. കെ.വി.രാധാകൃഷ്ണൻ, ജില്ലാ പഞ്ചായത്ത് വൈസ് പ്രസിഡന്റ് (മെമ്പർ)

ശ്രീ. കെ.ജെ.ഡിക്സൺ, ജില്ലാ പഞ്ചായത്ത് PWD സ്റ്റാന്റിംഗ് കമ്മിറ്റി ചെയർമാൻ (കൺവീനർ)

ശ്രീമതി.ഉഷ പരമേശ്വരൻ, മുനിസിപ്പൽ ചെയർമാൻ, ചാലക്കുടി (മെമ്പർ)

ശ്രീ. ഇ. രുദ്രകുമാർ, റിട്ട. എക്സിക്യൂട്ടീവ് എഞ്ചിനീയർ (മെമ്പർ)

ശ്രീ. എ.വി.പ്രദീപ്കുമാർ, റിട്ട. ഇലക്ട്രിക്കൽ ഇൻസ്പെക്ടർ (മെമ്പർ)

**പാലക്കാട്:**

അഡ്വ. കെ.ശാന്തകുമാരി, ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് (ചെയർമാൻ)

ശ്രീ. ടി.കെ.നാരായണദാസ്, ജില്ലാ പഞ്ചായത്ത് വൈസ് പ്രസിഡന്റ് (മെമ്പർ)

ശ്രീ. പി.കെ.സുധാകരൻ, ജില്ലാ പഞ്ചായത്ത് PWD സ്റ്റാന്റിംഗ് കമ്മിറ്റി ചെയർമാൻ (കൺവീനർ)

ശ്രീമതി. വി.വിമല, മുനിസിപ്പൽ ചെയർമാൻ, ഷൊർണ്ണൂർ (മെമ്പർ)

ശ്രീ. ടി.ആർ.അജയൻ, റിട്ട. എക്സിക്യൂട്ടീവ് എഞ്ചിനീയർ (മെമ്പർ)

ശ്രീ. ജോസഫ് ജോർജ്ജ്, റിട്ട. സൂപ്രണ്ടിംഗ് എഞ്ചിനീയർ (മെമ്പർ)

**മലപ്പുറം:**

ശ്രീ. എ.പി.ഉണ്ണികൃഷ്ണൻ, ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് (ചെയർമാൻ)

ശ്രീമതി. സക്കീന പുൽപ്പാടൻ, ജില്ലാ പഞ്ചായത്ത് വൈസ് പ്രസിഡന്റ് (മെമ്പർ)

ശ്രീമതി. അനിത കിഷോർ, ജില്ലാ പഞ്ചായത്ത് P W D സ്റ്റാന്റിംഗ് കമ്മിറ്റി ചെയർമാൻ (മെമ്പർ)

ശ്രീ. മുഹമ്മദ് സലീം, മുനിസിപ്പൽ ചെയർമാൻ, പെരിന്തൽമണ്ണ (കൺവീനർ)

ശ്രീ. പി.പത്മനാഭൻ, റിട്ട. എക്സിക്യൂട്ടീവ് എഞ്ചിനീയർ, ഷെറിൻ, പൂന്താനം നഗർ, വലമ്പൂർ (മെമ്പർ)

ശ്രീ. അബ്ദുൽ റഹീം കാലടി, പൂക്കോട് ഹൗസ്, ചെറുചോല, പി.ഒ. രണ്ടത്താണി, (മെമ്പർ)

**കോഴിക്കോട്:**

ശ്രീ. ബാബു പറശ്ശേരി, ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് (ചെയർമാൻ)

ശ്രീമതി. മീര ദർശക്, ഡെപ്യൂട്ടി മേയർ, കോഴിക്കോട് (മെമ്പർ)

ശ്രീമതി. റീന മുണ്ടേങ്ങാട്, ജില്ലാ പഞ്ചായത്ത് വൈസ് പ്രസിഡന്റ് (മെമ്പർ)

ശ്രീമതി. പി.കെ.സജിത, ജില്ലാ പഞ്ചായത്ത് P W D സ്റ്റാന്റിംഗ് കമ്മിറ്റി ചെയർമാൻ (കൺവീനർ)

ശ്രീ. കെ.ശ്രീധരൻ, മുനിസിപ്പൽ ചെയർമാൻ, വടകര (മെമ്പർ)

ശ്രീ. ബാലകൃഷ്ണൻ, റിട്ട. സൂപ്രണ്ടിംഗ് എഞ്ചിനീയർ (മെമ്പർ)

ശ്രീ. യു. വേണുഗോപാൽ, റിട്ട. എക്സിക്യൂട്ടീവ് എഞ്ചിനീയർ (മെമ്പർ)

**വയനാട്:**

ശ്രീമതി. ടി.ഉഷാകുമാരി, ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് (ചെയർമാൻ)

ശ്രീമതി. പി.കെ.അസ്സത്ത്, ജില്ലാ പഞ്ചായത്ത് വൈസ് പ്രസിഡന്റ് (മെമ്പർ)
ശ്രീ. പി.കെ.അനിൽകുമാർ, ജില്ലാ പഞ്ചായത്ത് P W D സ്റ്റാന്റിംഗ് കമ്മിറ്റി ചെയർമാൻ (കൺവീനർ)
ശ്രീ. സി.കെ.സഹദേവൻ, മുനിസിപ്പൽ ചെയർമാൻ, സുൽത്താൻ ബത്തേരി (മെമ്പർ)
ശ്രീ. പി.ആർ.ശശികുമാർ, റിട്ട. എഞ്ചിനീയർ (മെമ്പർ)

<u>കണ്ണൂർ:</u>
ശ്രീ. കെ.വി.സുമേഷ്, ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് (ചെയർമാൻ)
ശ്രീ. പി.കെ.രാഗേഷ്, ഡെപ്യൂട്ടി മേയർ, കണ്ണൂർ (മെമ്പർ)
ശ്രീമതി. പി.പി.ദിവ്യ, ജില്ലാ പഞ്ചായത്ത് വൈസ് പ്രസിഡന്റ് (മെമ്പർ)
ശ്രീമതി. കെ.ശോഭ, ജില്ലാ പഞ്ചായത്ത് PWD സ്റ്റാന്റിംഗ് കമ്മിറ്റി ചെയർമാൻ (കൺവീനർ)
ശ്രീ. കെ.ഭാസ്കരൻ, മുനിസിപ്പൽ ചെയർമാൻ, മട്ടന്നൂർ (മെമ്പർ)
ശ്രീ. ബാബു ഊരാളുങ്കൽ, റിട്ട. എക്സിക്യൂട്ടീവ് എഞ്ചിനീയർ (മെമ്പർ)

<u>കാസറഗോഡ്:</u>
ശ്രീ. എ.ജി.സി.ബഷീർ, ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് (ചെയർമാൻ)
ശ്രീമതി. ശാന്തമ്മ ഫിലിപ്പ്, ജില്ലാ പഞ്ചായത്ത് വൈസ് പ്രസിഡന്റ് (മെമ്പർ)
ശ്രീമതി. ഫരീദ സക്കീർ അഹമ്മദ്, ജില്ലാ പഞ്ചായത്ത് PWD സ്റ്റാന്റിംഗ് കമ്മിറ്റി ചെയർമാൻ (മെമ്പർ)
ശ്രീ. വി.വി.രമേശ്, മുനിസിപ്പൽ ചെയർമാൻ, കാഞ്ഞങ്ങാട് (കൺവീനർ)
ശ്രീ. പി. വി. ബാലകൃഷ്ണൻ, റിട്ട. അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ (മെമ്പർ), പുതിയവളപ്പിൽ (വീട്), കോട്ടച്ചേരി, തൈക്കടപ്പുറം പി.ഒ, നീലേശ്വരം

<u>ജില്ലാ സാമൂഹ്യ ഓഡിറ്റ് സമിതി യോഗം ചേരുന്നതിനുള്ള നടപടിക്രമങ്ങൾ</u>

1. ജില്ലാ സമിതിയുടെ കാലാവധി 3വർഷം ആയിരിക്കുന്നതാണ്. സമിതിക്ക് ആവശ്യാനുസരണം യോഗം ചേരാവുന്നതും മാസത്തിൽ ഒരുതവണയെങ്കിലും യോഗം ചേരേണ്ടതുമാണ്. യോഗം, സമിതിയുടെ കൺവീനർ ചെയർമാനുമായി കൂടിയാലോചിച്ച് നോട്ടീസ് നൽകി വിളിച്ചു ചേർക്കേണ്ടതാണ്.

2. യോഗത്തിൽ ചെയർമാൻ അദ്ധ്യക്ഷത വഹിക്കേണ്ടതും ചെയർമാന്റെ അഭാവത്തിൽ കൺവീനർ അധ്യക്ഷത വഹിക്കേണ്ടതുമാണ്.
3. പൊതുമരാമത്ത് വകുപ്പിന്റെ പരിധിയിലുള്ള ദേശീയപാത/റോഡുകളും പാലങ്ങളും/കെട്ടിടങ്ങൾ വിഭാഗങ്ങൾ, വകുപ്പിനു കീഴിലുള്ള മറ്റ് സ്ഥാപനങ്ങൾ, കമ്പനികൾ എന്നിവ വഴി നടത്തുന്ന പ്രവൃത്തികൾ സംബന്ധിച്ചുള്ള പരാതികൾ പ്രസ്തുത പ്രവൃത്തികൾ നടക്കുന്ന ജില്ലയിലെ സ്ഥിര താമസക്കാരനായ ഏതൊരാൾക്കും ജില്ലാ സമിതി മുമ്പാകെ നൽകാവുന്നതാണ്. പ്രവൃത്തി നടന്നുവരുന്ന സമയത്തോ പ്രവൃത്തി പൂർത്തിയായി മൂന്നു മാസത്തിനകമോ പരാതി സമർപ്പിക്കേണ്ടതാണ്.
4. ജില്ലാ സമിതിയുടെ പ്രതിമാസ യോഗത്തിൽ ജില്ലാ സമിതിക്ക് ലഭിച്ചിട്ടുള്ള പരാതികളിൽ അന്വേഷണം നടത്തുന്നതിന് സ്ഥലം സന്ദർശിക്കേണ്ട തീയതിയും സമയവും നിശ്ചയിക്കേണ്ടതാണ്.
5. ജില്ലാ സമിതിയുടെ തീരുമാനപ്രകാരം പൊതുമരാമത്ത് പ്രവൃത്തികൾ പരിശോധിക്കുന്ന അന്വേഷണ സംഘത്തിൽ ഒരാൾ എഞ്ചിനീയർ ആയിരിക്കേണ്ടതാണ്. എന്നാൽ സിവിൽ നിർമ്മാണ പ്രവൃത്തികൾ അല്ലാത്ത പ്രവൃത്തികൾ (ഇലക്ട്രിക്കൽ/ഇലക്ട്രോണിക്/മെക്കാനിക്കൽ) പരിശോധിക്കേണ്ടി വരുന്ന സാഹചര്യത്തിൽ പ്രസ്തുത മേഖലയിൽ പ്രാവീണ്യമുള്ള ഒരു വിദഗ്ധനെക്കൂടി ആവശ്യമെങ്കിൽ സമിതിക്ക് പരിശോധനാവേളയിൽ കമ്മിറ്റിയിൽ ഉൾപ്പെടുത്താവുന്നതാണ്.
6. മുൻകൂട്ടി നിശ്ചയിക്കാതെ തന്നെ ചെയർമാന്റെ അനുവാദത്തോടുകൂടി പ്രവൃത്തികൾ പരിശോധിക്കുന്നതിനുള്ള അധികാരം മെമ്പർമാർക്ക് ഉണ്ടായിരിക്കുന്നതാണ്.
7. പരിശോധനാ റിപ്പോർട്ടുകൾ സമിതി യോഗം വിശദമായി ചർച്ച ചെയ്ത് പ്രവൃത്തിയിൽ അപാകതകൾ ഉണ്ടെങ്കിൽ അവ പരിഹരിക്കേണ്ട നടപടികൾ ശുപാർശ ചെയ്ത് സർക്കാരിന് സമർപ്പിക്കേണ്ടതാണ്. ശുപാർശകൾ സർക്കാർ അംഗീകരിക്കുന്നതിന് മുമ്പ് സമിതികൾ അവ പരസ്യപ്പെടുത്താൻ പാടുള്ളതല്ല.
8. വലിയ ക്രമക്കേടുകൾ ശ്രദ്ധയിൽപ്പെട്ടാൽ അവയിൽ സ്വീകരിക്കേണ്ട നടപടി ശുപാർശയോടെ സംസ്ഥാന സർക്കാരിന് സത്വരം സമർപ്പിക്കേണ്ടതാണ്.
9. സമിതിയുടെ പരിശോധനകളുമായി പൊതുമരാമത്ത് ഉദ്യോഗസ്ഥർ സഹകരിക്കേണ്ടതും പ്രവൃത്തികളുടെ എസ്റ്റിമേറ്റ്, ബന്ധപ്പെട്ട മറ്റ് റിക്കാർഡുകൾ എന്നിവ ജില്ലാ സമിതി ചെയർമാൻ രേഖാമൂലം ആവശ്യപ്പെടുന്ന പക്ഷം അവ നൽകേണ്ടതും അവ പരിശോധിച്ച ശേഷം അപ്പോൾ തന്നെ തിരികെ നൽകേണ്ടതുമാണ്.

10. ഓരോ പ്രവൃത്തിയേയും സംബന്ധിച്ച പരാതികൾ സമിതി പരിശോധിക്കുകയും ആയതിന്റെ അന്വേഷണ റിപ്പോർട്ട് സർക്കാരിലേക്ക് സത്വരം സമർപ്പിക്കുകയും ചെയ്യേണ്ടതാണ്. സമിതിയുടെ അന്വേഷണ റിപ്പോർട്ടിൽ പ്രവൃത്തിയെ സംബന്ധിച്ച് പ്രതികൂല പരാമർശങ്ങൾ ഉള്ള പക്ഷം അന്വേഷണ റിപ്പോർട്ട് സർക്കാർ അംഗീകരിച്ച ശേഷം അത് പരാതിക്കാരനും ബന്ധപ്പെട്ട പണിയുടെ ചുമതലയുള്ള എഞ്ചിനീയർക്കും കരാറുകാരനെതിരെ പരാമർശമുണ്ടെങ്കിൽ അയാൾക്കും നൽകേണ്ടതാണ്. സർക്കാർ റിപ്പോർട്ടുകൾ പരിശോധിച്ച് ഉചിതമായ മേൽ നടപടികൾ സ്വീകരിക്കേണ്ടതാണ്.

11. ജില്ലയിൽ നടക്കുന്ന എല്ലാ പൊതുമരാമത്ത് പ്രവൃത്തികളും ഒരു തവണയെങ്കിലും ജില്ലാ സമിതി പരിശോധിക്കേണ്ടതാണ്. മാസങ്ങൾ നീളുന്ന റോഡ്, കെട്ടിടം, പാലം പ്രവൃത്തികൾ മാസത്തിലൊരിക്കലെങ്കിലും സമിതി പരിശോധിച്ച് റിപ്പോർട്ട് തയ്യാറാക്കേണ്ടതാണ്. പാലങ്ങളുടെ ജോലികൾ പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്.

12. പരാതി ലഭിച്ച് ഒരുമാസത്തിനകം ജില്ലാ സാമൂഹിക ഓഡിറ്റ് സമിതി പരാതിയിൽ സർക്കാരിന് റിപ്പോർട്ട് നൽകേണ്ടതാണ്.

<u>13. ജില്ലാ സമിതിക്ക് ശുപാർശ ചെയ്യാവുന്ന നടപടികൾ:</u>

a) പ്രവൃത്തിയിൽ വന്നിട്ടുള്ള അപാകതകൾ

b) പൊതുമരാമത്ത് ഉന്നത ഉദ്യോഗസ്ഥർ പരിശോധന നടത്തണമെന്ന് സർക്കാരിലേക്ക് ശുപാർശ ചെയ്യുക.

c) പൊതുമരാമത്ത് വിജിലൻസ് അന്വേഷിക്കണമെന്ന് സർക്കാരിലേക്ക് ശുപാർശ ചെയ്യുക

d) സി.റ്റി.ഇ അന്വേഷിക്കണമെന്ന് സർക്കാരിലേക്ക് ശുപാർശ ചെയ്യുക

e) ധനകാര്യ അന്വേഷണ വിഭാഗം അന്വേഷിക്കണമെന്ന് സർക്കാരിലേക്ക് ശുപാർശ ചെയ്യുക

f) പോലീസ് വിജിലൻസ് അന്വേഷിക്കണമെന്ന് സർക്കാരിലേക്ക് ശുപാർശ ചെയ്യുക

ഗവർണറുടെ ഉത്തരവിൻ പ്രകാരം

**G.KAMALA VARDHANA RAO**
**PRINCIPAL SECRETARY**

To:- ചീഫ് എഞ്ചിനീയർ (ഭരണം; നിരത്തുകളും പാലങ്ങളും; ദേശീയപാത; കെട്ടിടങ്ങൾ വിഭാഗങ്ങൾ),
പൊതുമരാമത്ത് വകുപ്പ്
അക്കൗണ്ടന്റ് ജനറൽ(A&E / ഓഡിറ്റ്), കേരളം, തിരുവനന്തപുരം
ചീഫ് ഇലക്ട്രിക്കൽ എഞ്ചിനീയർ, /എല്ലാ ജില്ലാ കലക്ടർമാർ
പൊതുമരാമത്ത് വകുപ്പിലെ എല്ലാ സൂപ്രണ്ടിങ് എഞ്ചിനീയർമാർക്കും എക്സിക്യൂട്ടീവ് എഞ്ചിനീയർമാർക്കും( ചീഫ് എഞ്ചിനീയർ മുഖേന)
മാനേജിങ് ഡയറക്ടർ / എക്സിക്യൂട്ടീവ് ഓഫീസർ, KRFB, RBDCK, KSCC
ഇൻഫർമേഷൻ ആൻഡ് പബ്ലിക് റിലേഷൻസ് വകുപ്പ്/Web&Media
കരുതൽ ഫയൽ / ഓഫീസ് പകർപ്പ്
പകർപ്പ്:- പൊതുമരാമത്ത് വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക്

ഉത്തരവിൻ പ്രകാരം

Signature valid
സെക്ഷൻ ഓഫീസർ
Digitally signed by
MANOJ P
Date: 20.. .06
10:09:02
Reason: Approved